നിലവിൽ കെ.എസ്.ആർ.ടി.സി. പിറവം ഡിപ്പോയിൽനിന്നും തിരുവാണിയൂർ വഴി ഒരു ഫാസ്റ്റും, നാല് ഓർഡിനറി ഷെഡ്യൂളുകളും (ആകെ 13 ട്രിപ്പുകൾ) സർവ്വീസ് നടത്തുന്നുണ്ട്.

(ബി) തിരക്കുള്ള സമയങ്ങളിൽ മൂവാറ്റുപുഴ-എറണാകുളം റൂട്ടിൽ സർവ്വീസ് നടത്തുന്ന മൂന്നോ നാലോ കെ.എസ്.ആർ.ടി.സി. ബസ്സുകൾ തിരുവാണിയൂർ സിറ്റി വഴി കടന്നുപോകുന്ന വിധത്തിൽ റൂട്ട് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മൂവാറ്റുപുഴ-എറണാകുളം റൂട്ട് പൂർണ്ണമായും ദേശസാൽക്കരിച്ചിട്ടുണ്ട്. പ്രസ്തുത റൂട്ടിലൂടെ മൂവാറ്റുപുഴ, എറണാകുളം എന്നീ ഡിപ്പോകളിൽനിന്നും ചെയിൻ സർവ്വീസുകൾ നടത്തിവരുന്നു. ഈ സർവ്വീസുകൾ തിരുവാണിയൂർ സിറ്റി വഴി കടന്നുപോകുന്ന വിധത്തിൽ ക്രമീകരിക്കുന്നത് നേരിട്ടുള്ള യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതും, ദേശസാൽകൃത റൂട്ടിൽ യാത്രാക്ലേശം ഉണ്ടാകുമെന്നതിനാലും ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

അത്രക്കുറ്റി-തിരുവനന്തപുരം ഫാസ്റ്റ് സർവ്വീസുകൾ

243 (4631) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തർ മണ്ഡലത്തിലെ അത്രക്കുറ്റിയിൽനിന്ന് രാവിലെ 5 മണിക്ക് തിരുവനന്തപുരത്തേയ്ക്ക് പുറപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നിർത്തലാക്കിയിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൃത്യമായ ഇടവേളകളിൽ മെച്ചപ്പെട്ട യാത്രാ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം-തൃശ്ശൂർ റൂട്ടിൽ സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെ ചെയിൻ സർവ്വീസുകൾ ക്രമീകരിച്ച സാഹചര്യത്തിലാണ് ചേർത്തല ഡിപ്പോയിൽനിന്നുള്ള അത്രക്കുറ്റി-തിരുവനന്തപുരം ഷെഡ്യൂൾ നിർത്തലാക്കിയിട്ടുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനം കൂടുതൽ ലഭിക്കുന്ന ഏത്ര സർവ്വീസുകളാണ് സംസ്ഥാനത്ത് ഇപ്പോൾ നിർത്തലാക്കിയിരിക്കുന്നത്; വിശദമാക്കാമോ?

കോവിഡ് മഹാമാരിയെതുടർന്നുള്ള യാത്രാ നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ചാണ് സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളത്. 2020 ജനുവരി മാസത്തിൽ കെ.എസ്.ആർ.ടി.സി. ശരാശരി 4425 സർവ്വീസുകളാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രതിദിനം നടത്തിവന്നിരുന്നത്. കോവിഡ് നിയന്ത്രണങ്ങളുള്ളതിനാൽ 2021 ജൂലൈ മാസത്തെ കണക്കനുസരിച്ച് പ്രതിദിനം ശരാശരി 3090 സർവ്വീസുകളാണ് നടത്തിയത്. ഇപ്രകാരം 1335 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.

(സി) അതുക്കുറ്റി-തിരുവനന്തപുരം ഫാസ്റ്റ് സർവ്വീസ് പുനരാരംഭിക്കാമോ; ആയതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്നമുറയ്ക്ക് സർവ്വീസ് പുനരാരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

നാഗർകോവിൽ-കന്യാകുമാരി റൂട്ടിലെ ബസ് സർവ്വീസുകൾ

244 (4632) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒന്നര വർഷക്കാലമായി നിർത്തിവച്ചിരിക്കുന്ന നെയ്യാറ്റിൻകര-നാഗർകോവിൽ-കന്യാകുമാരി റൂട്ടിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

&

(ബി) പ്രസ്തുത സർവ്വീസുകൾ എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾമൂലം തമിഴ്നാട് സർക്കാർ അന്തർസംസ്ഥാന പൊതുഗതാഗതം അനുവദിച്ചിട്ടില്ലാത്തതിനാലാണ് നെയ്യാറ്റിൻകര-നാഗർകോവിൽ-കന്യാകുമാരി റൂട്ട് ഉൾപ്പെടെ തമിഴ്നാട്ടിലേയ്ക്കുള്ള എല്ലാ സർവ്വീസുകളും കോർപ്പറേഷൻ താൽക്കാലികമായി നിർത്തിവച്ചിരിക്കുന്നത്. പ്രസ്തുത സർവ്വീസുകൾ പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരിന് കത്ത് നൽകിയിരുന്നുവെങ്കിലും അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല. തമിഴ്നാട് സർക്കാരിൽനിന്നും അനുകൂലമായ അനുമതി ലഭ്യമാകുന്നമുറയ്ക്ക് തമിഴ്നാട്ടിലേയ്ക്കുള്ള നെയ്യാറ്റിൻകര- നാഗർകോവിൽ-കന്യാകുമാരി ഉൾപ്പെടെയുള്ള അന്തർസംസ്ഥാന സർവ്വീസുകൾ പുനരാരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly